**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4603** **02-07-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനം വകുപ്പ് മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയാണെന്നും വിശദമാക്കാമോ; | (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും, ചെലവായ തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>ഇവ കൂടാതെ വൃക്ഷസമൃദ്ധി പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 16000 വൃക്ഷത്തൈകളും 2022-23 സാമ്പത്തിക വർഷത്തിൽ 11781 തൈകളും 2023-24 സാമ്പത്തിക വർഷത്തിൽ 6000 വൃക്ഷത്തൈകളും MGNREGS പദ്ധതി പ്രകാരം വനം വകുപ്പിന്റെ സാങ്കേതിക ഉപദേശത്തോടെ മടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വച്ചു പിടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ വച്ചു പിടിപ്പിച്ച വൃക്ഷത്തൈകൾ മികച്ച രീതിയിൽ വളർന്നു വരുന്നു. |
| (ബി) | ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും, ചെലവായ തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>ഇവ കൂടാതെ വൃക്ഷസമൃദ്ധി പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 16000 വൃക്ഷത്തൈകളും 2022-23 സാമ്പത്തിക വർഷത്തിൽ 11781 തൈകളും 2023-24 സാമ്പത്തിക വർഷത്തിൽ 6000 വൃക്ഷത്തൈകളും MGNREGS പദ്ധതി പ്രകാരം വനം വകുപ്പിന്റെ സാങ്കേതിക ഉപദേശത്തോടെ മടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വച്ചു പിടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിൽ വച്ചു പിടിപ്പിച്ച വൃക്ഷത്തൈകൾ മികച്ച രീതിയിൽ വളർന്നു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | നഗരവനം, സ്കൂൾ നഴ്സറി യോജന എന്നീ പദ്ധതികളുടെ പ്രവൃത്തികൾ ബന്ധപ്പെട്ട ബ്ലോക്കുകളുടെ ചുമതലയുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ നിരന്തര ഫീൽഡ് പരിശോധന നടത്തി പുരോഗതി വിലയിരുത്തുന്നു. ആയതിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ നേതൃത്വം നൽകുകയും ചെയ്യുന്നു. അസിസ്റ്റന്റ് ഫോറസ്റ്റ് |

| | | | |
|---|---|---|---|
| | | | കൺസർവേറ്റർ ആയത് യഥാസമയം പരിശോധിച്ച് വിലയിരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **പദ്ധതിയുടെ പേര്** | **സ്ഥലം** | **ചെലവ് (രൂപ)** |
|---|---|---|
| നഗരവനം | ചങ്ങനാശ്ശേരി എസ്.ബി.കോളേജ് | 1,98,000 |
| സ്കൂൾ നഴ്സറി യോജന | പയനിയർ യു.പി.സ്കൂൾ , അയർക്കാട്ടുവയൽ | 65,800 |

**അനുബന്ധം**

| **പദ്ധതിയുടെ പേര്** | **സ്ഥലം** | **ചെലവ് (രൂപ)** |
|---|---|---|
| നഗരവനം | ചങ്ങനാശ്ശേരി എസ്.ബി.കോളേജ് | 1,98,000 |
| സ്കൂൾ നഴ്സറി യോജന | പയനിയർ യു.പി.സ്കൂൾ , അയർക്കാട്ടുവയൽ | 65,800 |